മേൽകണക്കുകൾ വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വർഷാവർഷം വർദ്ധനയുണ്ടായതായി സൂചിപ്പിക്കുന്നു.

ടൂറിസം മേഖലയിലെ കേന്ദ്ര പദ്ധതികൾ

307(1008) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചുറ്റികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് ടൂറിസം മേഖലയിൽ പുതുതായി അനുവദിച്ച കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കുമോ;

(സി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്; ഇതുവരെ ഏതെല്ലാം ഇനത്തിൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കൂടുതൽ തുക അനുവദിച്ച് കിട്ടുന്നതിന് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഇക്കോ ടൂറിസം സർക്യൂട്ട് (സ്വദേശി ദർശൻ സ്കീം) എന്നിവ ഉൾക്കൊള്ളിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് ണാക്കി തുക ലഭ്യമാക്കുന്നതിനും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനുമായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി എന്നീ സ്ഥലങ്ങളുടെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള, ശബരിമല Spiritual Tourism Circuit-ന് 9427 ലക്ഷം രൂപയുടെയും ശബരിമല Spiritual

LIBRARY ARCHIVES Kerala Legislative Assembly

Tourism Circuit ന് (ഏരുമേലി-പമ്പ-സന്നിധാനം സർക്യൂട്ട്) പ്രത്യേകമായി 9,988 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിലെ ജീവനക്കാരുടെ നിയമനം

308(1009) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിൽ നിയമനം നടത്തുന്ന രീതി വ്യക്തമാക്കുമോ;

(സി) ടൂറിസത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവർക്ക് വകുപ്പിൽ നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്.

(സി) ടൂറിസം വകുപ്പിൽ ബിരുദമുള്ളവർക്ക് നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. ബിരുദാനന്തര ബിരുദമുള്ളവർക്ക് നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്ന വിഷയം പരിഗണനയിലില്ല.

ടൂറിസം വകുപ്പിലെ ഉയർന്ന തസ്തികകൾക്ക് വേണ്ട യോഗ്യതകൾ

309(1010) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരെ സ്ഥലം മാറ്റുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ചട്ടവിരുദ്ധമായി സ്ഥലംമാറ്റങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്; നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണോ ആ തസ്തികകളിൽ ജോലി ചെയ്യുന്നത്; യോഗ്യത ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന പരാതി ഏതെങ്കിലും ജീവനക്കാരൻ നൽകിയിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടി എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly